ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/02/2017*
*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**





- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**




ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 4 ലക്കം 08

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 മാഘം – ഫാൽഗുനം
1192 മകരം – കുംഭം 2017 ഫെബ്രുവരി

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



**മഹർഷി ദയാനന്ദസരസ്വതി (1825 – 1883)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | | |
|---|---|---|---|
| ഫെബ്രുവരി | 02 | : | സ്വാമി ശ്രദ്ധാനന്ദ് ജയന്തി |
| ഫെബ്രുവരി | 12 | : | മഹർഷി ദയാനന്ദ് ജയന്തി |
| ഫെബ്രുവരി | 13 | : | സരോജിനി നായിഡു ജയന്തി |
| ഫെബ്രുവരി | 19 | : | ഗുരുജി ഗോൾവൽക്കർ ജയന്തി |
| ഫെബ്രുവരി | 24 | : | ശിവരാത്രി (ഋഷി ബോധോൽസവം) |
| ഫെബ്രുവരി | 26 | : | വീരസാവർക്കർ ജയന്തി |
| ഫെബ്രുവരി | 27 | : | ചന്ദ്രശേഖർ ആസാദ് രക്തസാക്ഷി ദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

***മണ്ഡലം 1 സൂക്തം 6***



***മധുച്ഛന്ദാ ഋഷിഃ മരുതഃ ഇന്ദ്രശ്ച ദേവതാഃ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

**ഇന്ദ്രേണ സംഹിദൃക്ഷസേ സഞ്ജഗ്മാനോ അബിഭ്യുഷാ**

**മന്ദു സമാനവർചസാ ||**

***(ഋഗ്വേദം 1. 6. 7)***

**പദാർത്ഥം:** ഈ വായു (അബിഭ്യുഷാ) ഭയത്തെ ദൂരീകരിക്കുന്ന (ഇന്ദ്രേണ) പരമേശ്വരന്റെ ഗുണത്തോടൊപ്പം (സഞ്ജഗ്മാനഃ) നല്ല പ്രകാരത്തിൽ പ്രാപിച്ചതും വായുവിനോടൊപ്പം സൂര്യനും (സംദൃക്ഷസെ) നല്ല പോലെ കാണപ്പെടുന്നു (ഹി) ഏതുകാരണത്താൽ ഈ രണ്ടു (സമാന വർചസ) പദാർത്ഥങ്ങളിൽ പ്രസിദ്ധനായ ബലവാനും ആകുന്നുവോ ഇവയിൽ നിന്നും മറ്റു ജീവജാലങ്ങൾക്ക് ആനന്ദം നൽകുന്നവനായി തീരുന്നു.

**ഭാവാർത്ഥം:** ഈശ്വരൻ തന്റെ വ്യാപ്തി, സത്ത എന്നിവയാൽ സൂര്യൻ, വായു തുടങ്ങിയ പദാർത്ഥങ്ങളെ ഉൽപ്പന്നമാക്കി ധാരണം ചെയ്യുന്നു. ഈ പദാർത്ഥങ്ങൾക്കിടയിൽ സൂര്യൻ, വായു എന്നീ രണ്ടെണ്ണം മുഖ്യമാണ്. എന്തെന്നാൽ ഇവയുടെ ധാരണം, ആകർഷണം, പ്രകാശം എന്നിവയാലാണ് മറ്റു പദാർത്ഥങ്ങൾ സുശോഭിക്കുന്നത്. പദാർത്ഥവിദ്യകൊണ്ട് ഉപകാരം ലഭിക്കുന്നതിനായി ഇവയെ മനുഷ്യർ യുക്തമായി എടുക്കണം.

ബഹുവചനത്തിന്റെ സ്ഥാനത്ത് ഏകവചനം നൽകുകയും എന്നാൽ നിരുക്തകാരൻ ദ്വിവചനത്തിന്റെ സ്ഥാനത്ത് ഏകവചനത്തിന്റെ പ്രയോഗമാണെന്നു കരുതുന്നതും വലിയ ആശ്ചര്യവും അസംഗതവുമാണ്. മോക്ഷമൂലരസാഹിബ്ബിന്റെ ഈ ഭാവനാവിലാസവും ശരിയല്ല. എന്തെന്നാൽ വ്യത്യയോ ബ സുപ്തിഡുപഗ്രഹ എന്ന വ്യാകരണ നിയമപ്രകാരം വചനവ്യത്യയം ഉണ്ടാകുന്നു. നിരുക്തകാരന്റെവ്യാഖ്യാനം സത്യമാണ്. എന്തുകൊണ്ടെന്നാൽ സുപാസു ഈ സൂത്രത്താൽ മന്ദു എന്ന ശബ്ദത്തിൽ ദ്വിവചനത്തിന്റെ പൂർവ്വസവർണ ദീർഘ ഏകാദേശമാവുന്നു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*

*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*






# ദയാനന്ദ സന്ദേശം

***ആര്യസമാജത്തിന്റെ മുഖപത്രം***

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 4 ലക്കം 08

**വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 മാഘം – ഫാൽഗുനം**

**1192 മകരം – കുംഭം 2017 ഫെബ്രുവരി**



**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| വേദങ്ങളെ അറിയുക | : | 14 |
| വാർത്തകൾ | : | 15 |




**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

# ശിവരാത്രിയുടെ സന്ദേശം



**സ**ർവ്വസാധാരണമായി കണ്ടുവരുന്ന പല സംഭവങ്ങളും നമ്മൾ അത്ര കാര്യമായി എടുക്കാറില്ല. എന്നാൽ മഹാപുരുഷന്മാർക്കിത് തങ്ങളുടെ ജീവിതത്തെ തന്നെ മാറ്റിമറിക്കുന്നതാവും. ലോകചരിത്രം പരിശോധിച്ചാൽ ഇത്തരം നിരവധി സംഭവങ്ങൾ മഹാൻമാർക്ക് വഴിത്തിരിവായതായി കാണാം.

രോഗികളും വൃദ്ധന്മാരുടെ ദൈന്യതകളും ശവമഞ്ചം വഹിച്ചുകൊണ്ടുള്ള യാത്രകളും നമുക്ക് നിത്യകാഴ്ചയാണ്. എന്നാൽ സിദ്ധാർത്ഥ രാജകുമാരന്റെ ജീവിതത്തിൽ ഈ ദൃശ്യം വരുത്തിയ മാറ്റം ലോകത്തിന്റെ പകുതുയോളം പ്രചാരത്തിലെത്തിയ ബുദ്ധ മത സ്ഥാപനത്തിന് വഴിതെളിച്ചു. വൃക്ഷങ്ങളിൽ നിന്ന് ഫലങ്ങൾ മുകളിലോട്ടല്ല, താഴോട്ടാണ് വീഴുന്നത് എന്ന പ്രപഞ്ചസത്യം എല്ലാവർക്കുമറിയുന്നതാണെങ്കിലും ഐസക് ന്യൂട്ടനിത് ഭൂമിയുടെ ഗുരുത്വാകർഷണബല സിദ്ധാന്തത്തെ പകർന്നു നൽകി.

ഇത്തരത്തിലുള്ള ഒരു സാധാരണ സംഭവമാണ് 19-ാം നൂറ്റാണ്ടിൽ നവോ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ത്ഥാനത്തിന് വഴിത്തിരിവായത്. ഗുജറാത്തിലെ ടംകാരാ എന്ന ഗ്രാമത്തിൽ ഒരു ശിവരാത്രി ദിനത്തിൽ നടന്ന സംഭവം മൂൽശങ്കർ എന്ന ബാലനെ മഹർഷി ദയാനന്ദ സരസ്വതിയാക്കി മാറ്റി. ശിവരാത്രി ദിനത്തിലെ ഉപവാസത്തിനിടെ അർദ്ധരാത്രിയോടടുത്തപ്പോൾ അവിടെ കൂടിയിരുന്ന ശിവഭക്തരെല്ലാം നിദ്രയിലാണ്ടു പോയപ്പോൾ ഒരു ചെറുമൂഷികൻ ശിവലിംഗത്തിൽ ഓടിക്കയറി പ്രസാദവസ്തുക്കൾ ഭക്ഷിക്കുകയും വിസർജ്ജിക്കുകയും മറ്റും ചെയ്യുന്ന കാഴ്ച മൂൽശങ്കർ എന്ന ജിജ്ഞാസുവായ ബാലന് യഥാർത്ഥ ശിവനെ കണ്ടെത്താനുള്ള പ്രേരണയും ദൃഢനിശ്ചയവും നൽകി. കൈലാസനാഥനായ സാക്ഷാൽ ശിവന് ഒരു എലിയിൽ നിന്നുപോലും സ്വയം സംരക്ഷിക്കാൻ കഴിയില്ലെന്നൊ ? വിഗ്രഹാരാധനയുടെ നിരർത്ഥകത അദ്ദേഹത്തിന് ബോധ്യമായി. കേവലം 14 വയസ്സുമാത്രമുണ്ടായിരുന്ന ആ ബാലൻ യഥാർത്ഥ ഈശ്വരനെ തേടി യാത്രയാരംഭിച്ചു. വേദങ്ങളിലും ആർഷഗ്രന്ഥങ്ങളിലൊന്നും തന്നെ പരാമർശിക്കാത്ത ഇത്തരം ബിംബാരാധന രാഷ്ട്രത്തിനു വരുത്തിയ വിപത്തും തദ്വാര നൂറ്റാണ്ടുകളോളം വിദേശാടിമത്തത്തിൽ കിടക്കേണ്ടി വന്നതും ദയാനന്ദനെ ഇരുത്തി ചിന്തിപ്പിച്ചു. സോമനാഥം പോലുള്ള ക്ഷേത്രങ്ങളിലെ വൻ സമ്പത്താണ് വിദേശആക്രമണകാരികളെ ഭാരതത്തിലേക്കാകർഷിച്ചത്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വിഗ്രഹാരാധനക്കെതിരായി വേദങ്ങളുമായി ദിഗ് വിജയത്തിനിറങ്ങിയ മഹർഷി ദയാനന്ദ് കടുത്ത എതിർപ്പും പീഡനങ്ങളും ഏറ്റുവാങ്ങേണ്ടി വന്നു. വിഗ്രഹാരാധനയെ നിന്ദിക്കുന്നത് ഒഴിവാക്കാനായി അദ്ദേഹത്തിന് പല പ്രലോഭനങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടു. ഉദയ്പൂരിലെ മഹാരാജാ സജ്ജൻസിംഗ് മഹർഷിയോടു പറഞ്ഞു. ഉദയപൂർരാജ്യം ഏകലിംഗേശ്വര മഹാദേവന്റെ ക്ഷേത്രത്തിനധീനമാണ്. താങ്കൾ ഇവിടെ വന്ന് വിഗ്രഹാരാധനയെ എതിർത്തില്ലെങ്കിൽ ഈ ക്ഷേത്രഭരണം അങ്ങേക്ക് ലഭിക്കുന്നതാണ്. തൻമൂലം കോടാനുകോടി സ്വത്തുക്കൾ താങ്കൾക്ക് ലഭിക്കും. ഇതുകേട്ട് ക്രുദ്ധനായ മഹർഷി ദയാനന്ദൻ സമചിത്തകൈവിടാതെ പറഞ്ഞു. നിങ്ങൾ എനിക്ക് ഏതാനും നാണയ തുട്ടുകൾ എറിഞ്ഞുതന്ന് സർവ്വശക്തനായ ഈശ്വരന്റെ ആഞ്ജയെ ലംഘിക്കാൻ പറയുകയാണ്. ഈ ചെറിയ രാജ്യവും ക്ഷേത്രവും നിസ്സാരമാണെനിക്ക്. ഈശ്വരാഞ്ജയേയും വേദങ്ങളെയും എനിക്കൊരിക്കലും ഉപേക്ഷിക്കാനാവില്ല. പണ്ഡിറ്റ് ലേഖ്റാം എഴുതിയ മഹർഷി ദയാനന്ദന്റെ ജീവചരിത്രത്തിലിക്കാര്യം വിവരിക്കുന്നു.

ഇന്നും ശിവരാത്രി ഉൽസവങ്ങൾക്ക് വലിയമാറ്റം ഒന്നും കാണാനില്ല. അനാചാരങ്ങൾ പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു. വേദങ്ങളിൽ പ്രതിപാദിയ്ക്കുന്ന നിരാകാരനായ ഈശ്വരനു പകരം ജഡ വസ്തുക്കളെ ആരാധിക്കുന്നത് വേദവിരുദ്ധമെന്നു മാത്രമല്ല. പാപകർമ്മം കൂടിയാണെന്ന് സത്യാർത്ഥ പ്രകാശം പതിനൊന്നാം സമുല്ലാസത്തിൽ മഹർഷി ദയാനന്ദൻ വേദങ്ങളെ സാക്ഷിയാക്കി പറയുന്നു. ഒരു മാറ്റം അനിവാര്യമായിരിക്കുന്നു. വേദങ്ങളിലും മനുസ്മൃതി പോലുള്ള ധർമ്മ ശാസ്ത്രങ്ങളിലും നിർദേശിക്കുന്ന പഞ്ചമഹായജ്ഞങ്ങൾ (സന്ധ്യോപാസന, അഗ്നിഹോത്രം, പിതൃയജ്ഞം, ഭൂതയജ്ഞം, അതിഥിയജ്ഞം), ഷോഡശസംസ്കാരങ്ങൾ, അഷ്ടാംഗ യോഗത്തിലൂടെയുള്ള ഈശ്വര സാക്ഷാത്കാരം എന്നിവയാണ് മാനവരുടെ ആരാധനാ രീതി. ചിലവ് ചുരുങ്ങിയതും സരളമായതുമായ ഈ വൈദിക ജീവിതത്തിലേക്ക് തിരിച്ചുവരാൻ ഈ ശിവരാത്രി സന്ദേശം നമുക്കുപകരിക്കട്ടെ.

(പത്രാധിപർ)

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപത്തി വിഷയഃ

**വേദാനാമുൽപത്തൌ കിയന്തി വർഷാണി വ്യതീതാനി?**

അത്രോച്യതെ - ഏകോവൃന്ദഃഷൺനവതിഃകോട്യോഽഷ്ടൗ ലക്ഷാണി ദ്വിപഞ്ചാശത്സഹസ്രാണി നവശതാനി ഷട്സപ്തതിശ്ചൈ താവന്തി 1960852976 വർഷാണി വ്യതീതാനി| സപ്തസപ്തതിമോഽയം സംവത്സരോ വർത്തത ഇതിവേദിതവ്യമ് | ഏതാവന്ത്യേവവർഷാണി വർത്തമാനകൽപസ്യസൃഷ്ടേശ്ചേതി|

**കഥം വിജ്ഞായതെ ഹ്യേതാവന്ത്യേവ വർഷാണിവ്യതീതാ നീതി?**

അത്രാഹ - അസ്യാം വർത്തമാനായാം സൃഷ്ടൗ വൈവസ്വതസ്യ സപ്തമസ്യാസ്യ മന്വന്തരസ്യേദാനി വർത്തമാനത്വാദസ്മാൽപൂർവ്വം ഷണ്ണാം മന്വന്തരാണാം വ്യതീതത്വാച്ചേതി | തദ്യഥാ സ്വയംഭവഃ തശ്ചാക്ഷുഷോ, സ്വാരോചിഷഃ ഔത്തമിസ്താമസോ, രൈവത ചാക്ഷുസോ, വൈവസ്വതശ്ചേതി സപ്തൈതേ മനവസ്തഥാസാവർണ്യാദയ ആഗാമിനഃ സപ്ത ചേതൈ മിലിത്വാ 14 ചതുർദശൈവ ഭവന്തി| തത്രൈക സപ്തതിശ്ചാതുർയുഗാനി ഹ്യേകൈകസ്യമനോഃപരിമാണം ഭവതി | തേ ചൈകസ്മിൻബ്രാഹ്മദിനേ 14 ചതുർദശ ഭുക്ത ഭോഗാ ഭവന്തി | ഏകസഹസ്രം 1000 ചാതുർയുഗാനി ബ്രാഹ്മദിനസ്യ പരിമാണം ഭവന്തി| ബ്രാഹ്മ്യാരാത്രേരപിതാവദേവ പരിമാണം വിഞ്ജേയമ്| സൃഷ്ടേവർത്തമാനസ്യകലിയുഗസ്യൈ താവന്തി 4976 ചത്വാരി സഹസ്രാണി നവശതാനിഷട്സപ്തതിശ്ച വർഷാണി തു ഗതാനി സപ്തസപ്തതിതമോഽയം സംവത്സരോ വർത്തതെ | യമാര്യാ വിക്രമസ്യൈകോനവിംശതിശതം ത്രയത്രിംശത്തമോത്തരം സംവത്സരം വദന്തി |അത്രവിഷയെ പ്രമാണമ് -

ബ്രാഹ്മസ്യ തു ക്ഷ പാഹസ്യ യത്പ്രമാണം സമാസതഃ |ഏകൈകശൊ യുഗാനാം തുക്രമ ശസ്തന്നി ബോധത || (1) ||
ചത്വാര്യാഹുഃ സഹസ്രാണി വർഷാണാം തു കൃതം യുഗമ് |തസ്യ താവ ഛതി സന്ധ്യാ സന്ധ്യാംശശ്ച തഥാവിധഃ ||2||
ഇതരേഷഃസസന്ധ്യേഷു സസന്ധ്യാം ശേഷു ചത്രിഷു | ഏകാപായേനവർത്തന്തെ സഹസ്രാണി ശതാനിച ||3||
യദേതത് പരിസംഖ്യാത മാദാവേവ ചതുർയുഗമ് |ഏതദ് ദ്വാദശ സഹസ്രം ദേവാനാം യുഗമുച്യതെ ||4||
ദൈവികാനാം യുഗാനാം തു സഹസ്രം പരിസംഖ്യയാ| ബ്രഹ്മമേകമഹഞ്ജേയം താവതി രാത്രിരേവച ||5||
തദ്വൈയുഗസഹസ്രാന്തം ബ്രാഹ്മം പുണ്യ മഹർവിദുഃ |രാത്രീം ച താവതീമേവ തേഽഹോരാത്രവിദോജനാഃ ||6||
യൽപ്രാഗ്ദ്വാദശസഹസ്രമുദിതം ദൈവികം യുഗമ്| തദേകസപ്തതി ഗുണം മന്വന്തരമിഹോച്യതെ ||7||
മന്വന്തരാണ്യസംഖ്യാനി സൃഷ്ടിഃസംഹാര ഏവച |ക്രീഡന്നിവൈതൽകുരുതേ പരമേഷ്മി പുനഃ പുനഃ ||8||

(മനു സ്മൃതി അധ്യായം 1)

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# വൈദിക ഈശ്വരൻ

**കെ.എം. രാജൻ**

**ചോദ്യം: എന്നാൽ ഇത് വ്യത്യസ്ത ഭാവങ്ങളുടേതാണ്. ദയ എന്നു വെച്ചാൽ ഒരപരാധിക്ക് മാപ്പു നൽകുക. ന്യായമെന്നാൽ ഒരപരാധിക്ക് ശിക്ഷ നൽകുക. എങ്ങിനെയാണിത് രണ്ടും ഒന്നിച്ചുപോവുന്നത്.?**

**ഉത്തരം** : ദയയും ന്യായവും അടിസ്ഥാനപരമായി ഒന്നുതന്നെയാണ് കാരണം രണ്ടും ഒരുഫലം നൽകുന്നു.

1. ദയ എന്നുവെച്ചാൽ ഒരപരാധിക്ക് മാപ്പുനൽകുക എന്നർത്ഥമില്ല. അങ്ങിനെ ചെയ്താൽ അനേകം നിരപരാധികൾ പീഡിതരായിത്തീരും. അതിനാൽ ഒരപരാധിക്ക് ശിക്ഷ നൽകിയില്ലെങ്കിൽ നിരപരാധികൾക്ക് ന്യായം ലഭിക്കുക സാധ്യമല്ല. ആ അപരാധി തുടർകുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കാൻ ഇത്തരം ശിക്ഷ നൽകിയില്ലെങ്കിൽ അത് ന്യായമല്ല.

ഉദാഹരണത്തിന് ഒരു കൊള്ളക്കാരനെ വെറുതെ വിട്ടാൽ അയാൾ അനേകം നിരപരാധികൾക്ക് കഷ്ടതയുണ്ടാക്കും. എന്നാൽ അയാൾക്ക് ജയിൽശിക്ഷ നൽകിയാൽ അയാൾ മറ്റു നിരപരാധികളെ ദ്രോഹിക്കില്ലെന്നു മാത്രമല്ല, സ്വയം നന്നാവാനും തുടർന്ന് കുറ്റകൃത്യങ്ങൾ ചെയ്യാതാരിക്കാനും അത് അയാളെ പ്രേരിപ്പിക്കും. അതിനാൽ ന്യായത്തിൽ മാത്രമാണ് എല്ലാവർക്കും ദയനില കൊള്ളുന്നത്.

2. യഥാർത്ഥത്തിൽ ദയയെന്നാൽ ഈശ്വരന്റെ ന്യായവ്യവസ്ഥയുടെ പ്രവർത്തനമാണ്. ഈശ്വരൻ ഒരപരാധിയെ ശിക്ഷിക്കുമ്പോൾ അയാൾ തുടർന്നും ചെയ്യാൻ സാധ്യതയുള്ള കുറ്റകൃത്യങ്ങളെ ഈശ്വരൻ തടയുകയാണ് ചെയ്യുന്നത്. അതേസമയം നിരപരാധികളെ തന്റേതല്ലാത്ത കുറ്റങ്ങൾക്ക് ശിക്ഷിക്കുന്നതിനെ ഒഴിവാക്കുകയും ചെയ്യുന്നു. അതിനാൽ ന്യായത്തിന്റെ പൂർണ്ണഗുണം എല്ലാവരോടും ദയ എന്നുള്ളതാണ്.

3. വേദങ്ങളുടെ കാഴ്ചപ്പാടിൽ എല്ലാ ദുഃഖങ്ങൾക്കും കാരണം അജ്ഞതയും അതുമൂലം തെറ്റായ പ്രവൃത്തികളും കുറ്റകൃത്യങ്ങളും ചെയ്യുന്നുവെന്നാണ്. എന്നാൽ ജീവാത്മാക്കൾ ഇത്തരം തെറ്റായ കൃത്യങ്ങൾ ചെയ്യുമ്പോൾ ഈശ്വരൻ അവരുടെ കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സ്വാതന്ത്ര്യത്തിന് തടയിടുകയും അവർക്ക് അവസരം നൽകി അവരുടെ അജ്ഞതയെ നീക്കി ദുഃഖത്തെ ഇല്ലാതാക്കുന്നു.

4. വെറുതെ തെറ്റുപറ്റി എന്നുപറയുന്നതു കൊണ്ട് മാത്രം ഈശ്വരനിൽ നിന്ന് മാപ്പ് ലഭിക്കാൻ പര്യാപ്തമല്ല. കുറ്റകൃത്യങ്ങളുടെ അഥവാ പാപത്തിന്റെ ഉറവിടം അജ്ഞതയായതിനാൽ അതില്ലാതാകുന്നതുവരെ ജീവാത്മാവിന് ന്യായപൂർവ്വമായ ശിക്ഷയോ, കർമ്മഫലമോ എല്ലാ നിമിഷവും നിരവധി ജനന-മരണങ്ങളിലൂടെ അനുഭവിക്കേണ്ടിവരും. ആത്മാവിന് ആത്യന്തികമോക്ഷം ലഭിക്കുന്നതിനു വേണ്ടിയാണ് ഈ ന്യായ-ദയാവ്യവസ്ഥ ഈശ്വരൻ നടത്തുന്നത്.

(തുടരും)

| |
|---|
| ***ഛിദ്രം വൃണ (യജുർവ്വേദം 12.54)*** |
| ***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*** |





(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***

*തർജ്ജമ: കെ.എം. രാജൻ*



**എ**ന്നാൽ മാംസാഹാരികളായ നമ്മുടെ ഭരണാധികാരികൾ (ബ്രിട്ടീഷുകാർ) അനേകം മൃഗങ്ങളെ കൊല്ലുന്നതിനാൽ അവയുടെ എണ്ണം കുറഞ്ഞുവരുന്നു. അഞ്ചുരൂപയ്ക്ക് ലഭിക്കുമായിരുന്ന കാളകൾക്കിന്ന് ഇരുപത്തഞ്ചുരൂപയോളമായിരിക്കുന്നു. പാവപ്പെട്ടവർക്ക് പാൽ, നെയ്യ് എന്നിവ ലഭിക്കുന്നതിൽ കാഠിന്യമനുഭവപ്പെടുന്നു.

മാംസാഹാരമില്ലാത്ത ദേശങ്ങളിൽ പാലും നെയ്യും സമൃദ്ധമായി ലഭിക്കുന്നതിനാൽ അവിടെ എല്ലാ വിധത്തിലുമുള്ള ഐശ്വര്യമുണ്ടാവുന്നു.

ഹോമത്തിൽ പശുവധം അരുതെന്നതിനുള്ള യുക്തിയും ശാസ്ത്രവിചാരവും നടത്തി. ഇനി നമുക്ക് ഹോമത്തിന് പശുവിനെ കൊന്നിരുന്നുവോ എന്ന് പരിശോധിക്കാം.

ഹോമം രണ്ടു പ്രകാരത്തിലുണ്ട്. ഒന്ന് രാജധർമ്മ സംബന്ധമായതും രണ്ടാമത്തേത് സാമാജികമായതും. സാമാജിക ഹോമത്തെക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. രാജധർമ്മ സംബന്ധമായ ഹോമം - അതിന്റെ വ്യവസ്ഥ ഭിന്നമാണ്. അതിൽ മൃഗങ്ങളെ കൊല്ലണമെന്നു പറയുന്നതെവിടെയാണ്? എന്നാൽ ചിലപ്പോൾ മനുഷ്യരെപ്പോലും കൊല്ലേണ്ടി വരും. യുദ്ധത്തിൽ ആയിരക്കണക്കിനുപേരുടെ പ്രാണനാശം വരുത്തുന്നത് രാജധർമ്മത്തിന്റെ ഭാഗമാണ്. അതേപോലെ മനുഷ്യർക്കും കൃഷിക്കും നാശമുണ്ടാക്കുന്ന മൃഗങ്ങളെ കൊല്ലേണ്ടതും രാജധർമ്മത്തിൽ ശരിയാണ്. എന്നാൽ ഹോമത്തിൽ മാംസാഹാരം കൊണ്ടുവരുന്നത് സർവ്വഥാ തെറ്റാണ്. ഏതെങ്കിലുമൊരു ജീവിക്ക് പീഡനം ഏൽപ്പിക്കുക എന്നത് എങ്ങനെയാണ് ധർമ്മവിഹിതമാവുക? സാധു മൃഗങ്ങളുടെ മുഖമടച്ചുപിടിച്ച് അവയെ പീഡിപ്പിച്ചുകൊല്ലുന്നത് ഒരിക്കലും ഈശ്വരീയ നിയമങ്ങൾക്ക് ചേർന്നതല്ല.

ഇനി യജ്ഞ വിഷയത്തിൽ ആർക്കാണ് യജ്ഞം ചെയ്യാൻ അധികാരമെന്നാരെങ്കിലും സംശയമുന്നയിച്ചാൽ അതിനുള്ള മറുപടി ഇപ്രകാരമാണ്. കർമ്മകാണ്ഡമനുഷ്ഠിക്കാൻ താത്പര്യമുള്ളവർക്കാണ് യജ്ഞം ചെയ്യാനധികാരം. കർമ്മമനുഷ്ഠിക്കുന്നതുമൂലം ചിന്താശക്തി വർദ്ധിക്കുകയും ജാഗ്രതാവസ്ഥയിൽ വർത്തിക്കുകയും ചെയ്യും. ഉപാസനയാൽ ചിന്ത

| |
|---|
| ***മാ സ്രോധത (ഋഗ്വേദം 6.32.9)*** |
| ***ഹിംസ ചെയ്യാതിരിക്കൂ*** |

കളിൽ നിർമ്മലത ഉൽപ്പന്നമാവും. അതുമൂലം ജ്ഞാനത്തിൽ ചിന്ത ഉറക്കുകയും അത് ജ്ഞാനത്തിനധികാരിയായി തീരുകയും ചെയ്യും.

ഹോമവുമായി ബന്ധപ്പെട്ട വിഷയത്തിലെ ഏതാനും ചെറിയ സംശയങ്ങൾ ചർച്ച ചെയ്യും. സർക്കാർ ഉത്തരവ് പ്രകാരം ഇക്കാലത്ത് ഗ്രാമങ്ങൾ സ്വച്ഛതയാർന്നതായി തീരുന്നതിനാൽ ഹോമം എന്തിന് ചെയ്യണം? നമ്മുടെ വീടുകൾ സ്വച്ഛതയുള്ളതായിതീർന്നില്ലെങ്കിൽ ഗ്രാമം എങ്ങനെ മലിനമുക്തമാവും എന്നാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. മാത്രമല്ല ഗ്രാമത്തിന് പുറത്തുള്ള ദുർഗന്ധം എങ്ങനെയില്ലാതാകും?

രണ്ടാമത്തെ സംശയം ഇക്കാലത്ത് തീവണ്ടികളിൽ നിന്നും വീടുകളിലെ അടുക്കളകളിൽ നിന്നും ധാരാളം പുക പുറത്ത് പോകുന്നുണ്ട്. അപ്പോൾ അത്രകണ്ട് മഴയും വേണ്ടിവരില്ലേ? അങ്ങനെയെങ്കിൽ ഹോമം ചെയ്യുന്നത് എന്തിന്?

ഈ പുക ദുർഗന്ധം നിറഞ്ഞതും ദുഷിച്ചതുമാണ്. ഇവയാൽ വായു ശുദ്ധമാകില്ല എന്നാണിതിന് ഉത്തരം. വായുവിന്റെ മലിനീകരണം മൂലം ഇക്കാലത്ത് പലരോഗങ്ങളും ഉണ്ടാകുന്നു. ഹോമം അനുഷ്ഠിച്ചാൽ ഇത് ഒഴിവാക്കാനാവുന്നതാണ്. യജ്ഞവിഷയത്തേകുറിച്ചാണ് ഇത്രയും വിവരിച്ചത്. ഇനി സംസ്കാരവിഷയത്തെ കുറിച്ച് ചിന്തിക്കാം.

*(തുടരും)*


## ദയാനന്ദ സന്ദേശം വൈദിക മാസിക




*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch**


*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരു ലയയാത്ര

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



**പ**ത്തിൽപരമേക്കർ വിസ്തീർണ്ണമുള്ള വളപ്പ്, അതിൽ തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ് മുതലായ ഫലവൃക്ഷങ്ങൾ ധാരാളം. മാമ്പഴകൂട്ടാനും ഉപ്പുമാങ്ങയും മറ്റുപ്പിലിട്ടവകൾക്കും പറ്റിയ മാങ്ങയുണ്ടാക്കുന്ന ഊക്കനൂക്കൻ മാവുകൾ, വറുക്കാനും, പഴം വരട്ടി ആലിഴയാത്ത പ്രഥമനും പറ്റിയ ചക്ക കായ്ക്കുന്ന പ്ലാവുകൾ, പുറമെ പലയിനം മരങ്ങളും. സൂര്യരശ്മിയെ നിലംപതിക്കാനാനുവദിക്കാത്ത തിങ്ങിയ കുളിർവനം. വെള്ളം സുലഭം. നാലു തൊടികളിലും തേവിയാൽ വറ്റാത്ത വൻകിണറുകൾ. കേദാര സമാന പ്രകൃതിരമണീയമായിരുന്നുവത്രെ ഇല്ലവളപ്പ്.

അതിന്റെ മധ്യത്തിൽ പടിഞ്ഞാറ്റിയും തെക്കിനിയും ഉയർത്തി തട്ടിട്ടനാലുകെട്ട്. വടക്കിനിയുടെ വടക്കുവശത്ത് വിശേഷങ്ങളുണ്ടായാൽ ഊണിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന വിശാലമായകെട്ട് (നീണ്ടഹാൾ). വിസ്തൃതാങ്കണം. പടിഞ്ഞാറുവശം പത്തായപ്പുരയും പുരുഷന്മാരുപയോഗിക്കുന്ന കരിങ്കൽ പടവോടുകൂടിയ വിശാലമായ കുളവും കുളപ്പുരയും. കിഴക്ക് ഭാഗത്തും ഗംഭീര ചിറക്കൊത്ത അന്തർജനങ്ങൾക്കും നമ്പൂതിരിമാർക്കും പ്രത്യേകം പ്രത്യേകം കുളിക്കത്തക്കവണ്ണം രണ്ടുകടവുകളാർന്ന മറ്റൊരു കുളവും കുളപ്പുരയും. വിദ്യയും ലക്ഷ്മിയും ഒത്തു ചേരില്ല എന്ന ചൊല്ലിന് അപവാദമായി തലപൊക്കിനിന്നിരുന്ന ആ തറവാട്ടിലാണ് ഈ പാച്ചൻ ഭൂജാതനായത്. നാലണ കൈവശമുണ്ടെങ്കിൽ അതി ന്റെ ഗർവും അവിവേകവും ഔദ്ധത്യവും ഔദാസീന്യവും പ്രഭുത്വഭാവവും ആർഭാടപ്രകടനവും ഉണ്ടാകാതെ വയ്യതന്നെ.

മര്യാദ പുരുഷോത്തമൻ രാമചന്ദ്രഹരിശ്ചന്ദ്രാദി സത്യനിഷ്ഠരും പരമേശ്വര തുല്യരുമായ രാജശ്രേഷ്ഠനും ശിവരാമകൃഷ്ണ ദയാനന്ദാദി പരമഹംസരും ഗാർഗ്യാദിദിവ്യവേദ പണ്ഡിതകളായ സതീരത്നങ്ങളും പിറന്നനാടാണ് ഭാരതഭൂവെന്ന് വീമ്പിളക്കി വേദിതോറും കേറിവാഗ്ധോരണി ഒഴുക്കുമെങ്കിലും പ്രവൃത്തി തത്തുല്യമല്ലെങ്കിൽ പിന്നെന്തു ഫലം?

മുത്തച്ഛന് സന്തതികൾ മൂന്നേയുണ്ടായിരുന്നുള്ളു. പണ്ടു പെണ്ണും ഒരാണും. പെൺമക്കൾക്കു ശേഷം കുറേകാലം കഴിഞ്ഞാണ് അച്ഛന്റെ ഉത്ഭവം. പരിഹാര കർമ്മങ്ങളും വഴിപാടുകളും ദാനധർമ്മങ്ങളും ഉള്ള ചുട്ടു പെയ്തുണ്ടായ സന്താനമാണ് അച്ഛൻ. അദ്ദേഹത്തിന് രണ്ടുതികഞ്ഞപ്പോഴേക്കും മുത്തച്ഛൻ വസൂരി ബാധിച്ച് ഭൗതിക ശരീരം വെടിഞ്ഞു. പിന്നെ മുത്തശ്ശിയും പെങ്ങൻമാരും കൂടിയാണ് തറവാടിന്റെ നെടുംതൂണായ ആ കുഞ്ഞുണ്ണിയെ വളർത്തിയത്. പത്തുപതിനഞ്ചായിരത്തോളം പറനെല്ല് പാട്ടം കിട്ടുന്ന നിലവും അനേകമേക്കർ കൈവശമുള്ള പറമ്പുമുള്ള സമ്പൽസമൃദ്ധമായ തറവാട്ടിൽ ഏകദേശം അപൂർവ്വ സന്താനവുമായ കുഞ്ഞുണ്ണി നിലംതൊടാതെ രാജകുമാരസമാനം വളർന്നു.

(തുടരും)

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

*തർജ്ജമ: കെ. എം. രാജൻ*

**(ചോദ്യം) – തത്സൃഷ്ട്വതദേവാനുപ്രവിശത്, അനേനാത്മനോ ജീവേനാനുപവിശ്യനാമരൂപേ വ്യാകരവാണി || ഇത് തൈത്തിരീയ ഉപനിഷദാദികളിലെ വചനമാണ്.**

ആ ബ്രഹ്മം ജഗത്തിനെ ഉൽപ്പന്നമാക്കി വീണ്ടും പ്രവിഷ്ഠനാവുന്നു. ഇതിൽ ജീവാത്മരൂപ അന്തഃകരണത്തിൽ പ്രവിഷ്ഠനായി ന്യായരൂപമായ വ്യാകരണം ചെയ്യൂ. ഇതിൽ നിന്നും ആ ബ്രഹ്മം ജീവരൂപം ആയിതീരുന്നുവെന്ന് മനസ്സിലാക്കാം.

**(ഉത്തരം) –** ഇത് നിങ്ങളുടെ തെറ്റായ ആർത്ഥകൽപ്പനയാണ്. എന്തെന്നാൽ പരിപൂർണ്ണനും ഏകരസത്തോടുകൂടിയവനും എല്ലായിടത്തും നിറഞ്ഞിരിക്കുന്നവനുമായത് പ്രവേശിക്കുന്നതും പുറത്തുപോവുന്നതുമെങ്ങനെ സാധ്യമാവും. എന്നാൽ ജീവാത്മാവിന്റെ ബുദ്ധിയിൽ അജ്ഞാനം നീങ്ങി ജ്ഞാനം ഉണ്ടായാൽ അപ്പോൾ പരമാത്മാവിനെ പ്രാപിക്കുന്നു എന്നഅനുഭൂതിയുണ്ടാവുന്നു. എപ്പോഴാണ് ജീവാത്മാവിന് ഈശ്വരന്റെ ജ്ഞാനമുണ്ടാവുന്നത് അത് അതിന്റെ ആത്മാവിൽ തന്നെയാണ് ഉണ്ടാവുന്നത്. ഇതിൽ നിന്നും വ്യക്തമാവുന്നത് പ്രവേശം നടത്തുന്നവനും പ്രവേശിക്കുന്നതും വ്യത്യസ്ഥരാണെന്നാണ്.

അതായത് ഒരാൾ പ്രവേശനം നടത്തുന്നവനും മറ്റേയാൾ അനുപ്രവേശം നടത്തുന്നവനുമാണ്. എന്തെന്നാൽ "ശരീരം പ്രവിഷ്ടോ ജീവഃ ജീവമനുപ്രവിഷ്ട ഈശ്വരാഽസ്തീതി ഗമ്യതെ" | ഇപ്രകാരം അർത്ഥം മനസ്സിലാക്കുന്നതിലൂടെയാണ് ഈ വചനങ്ങളുടെ യഥാർത്ഥാഭിപ്രായം വെളിവാകുന്നത്.

'കിം വാ സഹായാർത്ഥ' എന്നതിൽ തൃതീയാവിഭക്തിയാണ്.

"അനേന ജീവാത്മനാ ശരീരം പ്രവിഷ്ടേന സഹതം ജീവമനുപ്രവിശ്യാഹമീശ്വരഃ നാമരൂപവ്യാകരവാണിത്യന്വായഃ" അത്ര പ്രമാണമ് –

ദ്വാ സുപർണ്ണനാ സയുജാ സഖായാ സമാനം വൃക്ഷം പരിഷസ്വജാതെ ||

ഒരു ശരീരത്തിൽ ജീവാത്മാവും പരമാത്മാവും ഉള്ളതിന്റെ വിവരണമാണിത്. ഇതിൽ ജീവാത്മാ– പരമാത്മാക്കളെ ഒന്നായി കാണുന്നത് കേവലം കാട്ടുമനുഷ്യരുടെ കഥനമാണ്. ഋഷി– മുനിമാരുടെ കഥനമല്ല.

ഈശ്വരൻ തന്റെ സ്വന്തം സാമർത്ഥ്യത്താൽ ജഗത്തുനിർമ്മിച്ചു – ഇതിനുള്ള പ്രമാണം

ത്വമസ്യ പാരെ രജസോ വ്യോമനഃ സ്വഭൂത്യോജാ അവസെ ധൃഷൻമനഃ |

ചകൃഷേ ഭൂമിം പ്രതിമാനമോജസോഽപഃ സ്വഃ പരിഭൂരേഷ്യാ ദിവമ് || (ഋഗ്വേദം 1– 4 – 13 – 12ഃ

**അർത്ഥം –** അല്ലയോ പരമേശ്വരാ ! അങ്ങ് (സ്വഭൂത്യാ) സ്വസാമർത്ഥ്യത്താലും ഭൂമി, ജലം , സ്വർഗ്ഗം, ദിവി അഥവാ ഭൂമി മുതൽ സൂര്യപര്യന്തമുള്ള സർവ്വജഗത്തും ഉണ്ടാക്കി. സംരക്ഷണവും ധാരണവും പ്രളയവും അങ്ങ് തന്നെ നടത്തുന്നു.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**

തർജ്ജമ: സുരി



**ചോദ്യം 57 : അജ്ഞാനമെന്നാൽ എന്ത്? അതിനുള്ള കാരണമെന്ത്?**

**ഉത്തരം :** ഇന്ദ്രിയ ദോഷാത് സംസ്കാര ദോഷാച്ചാവിദ്യാ (വൈശേഷികദർശനം 9.2.10)

അതായത് ഇന്ദ്രിയ ദോഷങ്ങൾ കൊണ്ടും സംസ്കാരദോഷങ്ങൾകൊണ്ടുമാണ് അജ്ഞാനമുണ്ടാകുന്നത്.

ഇന്ദ്രീയങ്ങൾക്ക് എന്തെങ്കിലും ദോഷമുണ്ടെങ്കിൽ ജ്ഞാനം അപൂർണ്ണവും ദൂഷിതവുമായിതീരുന്നു. പൂർവ്വസംസ്കാരങ്ങളിലെ ദോഷം മൂലം അതിൽ നിക്ഷിപ്തമാകുന്ന പദാർത്ഥങ്ങളും ദൂഷിതമായിതീരുന്നു. അതായത് ഇന്ദ്രീയങ്ങൾ പവിത്രമല്ലാതിരിക്കുകയും നല്ല സംസ്കാരമുണ്ടാകാതിരിക്കുകയും ചെയ്യുന്നിടത്തോളം ജീവിതത്തിൽ അജ്ഞാനത്തിന്റെ അന്ധകാരവുമുണ്ടായിരിക്കും.

**ചോദ്യം 58: ദോഷസംസ്കാരങ്ങളെ എപ്രകാരം നന്നാക്കിയെടുക്കാം ? ഇവയെ എപ്രകാരം നീക്കികളയാം ?**

**ഉത്തരം :** ഇത്തരം സംസ്കാരങ്ങളെ ദഹിപ്പിച്ചുകളയുകയാണ് വേണ്ടത്. ജപം, തപം, സ്വാദ്ധ്യായം മുതലായവ കൊണ്ട് ദോഷ സംസ്കാരങ്ങളിൽ നിന്നും മോചനം നേടാം.

**ജപം :** ഈശ്വരന്റെ നാമങ്ങളെ അർത്ഥ സഹിതം സ്മരിക്കുക. ഈശ്വരന്റെ ഗുണങ്ങളെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുക തുടങ്ങിയവയെയാണ് ജപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈശ്വരന്റെ നാമജപം നിരന്തരമായി അഭ്യസിക്കേണ്ടതാണ്.

**തപം :** ജീവിതത്തിൽ എത്രതന്നെ ബുദ്ധിമുട്ടുണ്ടായാലും അതിലൊന്നും മനസ്സിടറാതെ സന്മാർഗ്ഗത്തിൽ തന്നെ ചരിക്കുകയും അസത്യവുമായി യാതൊരു സന്ധിയും ചെയ്യാതിരിക്കുകയും ഈശ്വരന്റെ ആജ്ഞയെ പാലിക്കുകയും ഈശ്വരന്റെ ഗുണങ്ങളെ സ്വന്തം ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതാണ് തപം. ധർമ്മാചരണത്തിൽ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടിനെയാണ് തപം എന്നു പറയുന്നത്.

**സ്വാദ്ധ്യായം :** വേദം മുതലായ ധാർമ്മിക ഗ്രന്ഥങ്ങൾ പഠിക്കുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് സ്വാദ്ധ്യായം. ധർമ്മത്തിന്റെ ആധാരമായ വേദങ്ങളാണ് സ്വാദ്ധ്യായം ചെയ്യേണ്ടത്. യോഗദർശനത്തിന്റെ വ്യാസ ഭാഷ്യത്തിൽ സ്വാദ്ധ്യായത്തെപ്പറ്റി മഹർഷി വ്യാസൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

***സ്വാദ്ധ്യായ : പ്രണവാദി പവിത്രാണം ജപഃ മോക്ഷ ശാസ്ത്രാദ്ധ്യായനം വ***

(സൂത്രഭാഷ്യം 2/1, 2/32)

പ്രണവം (ഓം), ഗായത്രി മുതലായ മന്ത്രങ്ങളുടെ ജപം, ആദ്ധ്യാത്മിക ഗ്രന്ഥങ്ങളായ വേദം, ദർശനം, ഉപനിഷത്തുകൾ മുതലായവയുടെ പഠനം എന്നിവയെയാണ് സ്വാദ്ധ്യായം എന്നു പറയുന്നത്. ഇതുമൂലം ധാർമ്മിക പ്രവൃത്തി ചെയ്യുകയും ജ്ഞാനത്തിന്റെ അഭിവൃദ്ധി ഉണ്ടാവുകയും ചെയ്യുന്നു. ജ്ഞാനമുണ്ടാകുമ്പോൾ മനുഷ്യൻ കർമ്മം ചെയ്യാനുള്ള വ്യഗ്രത കാണിക്കുന്നു. വേദം, ശാസ്ത്രം, ദർശനം, ഉപനിഷത്ത് മുതലായ ആർഷ ഗ്രന്ഥങ്ങളുടെ സ്വാദ്ധ്യായത്തെയാണ് ശരിയായ അർത്ഥത്തിൽ സ്വാദ്ധ്യായമെന്നു പറയുന്നത്.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## പരോപകാരിണി സഭയുടെ സ്ഥാപനം



**സ്വാ**മിജി ജോഡ്പൂരിൽ നാലുമാസം ചിലവഴിച്ചു ഒരു നാൾ രാത്രിയിൽ ജഗന്നാഥൻ എന്നുപേരായ പാചകക്കാരൻ പാലിൽ കാളകൂട വിഷം ചേർത്ത് സ്വാമിജിയ്ക്ക് നൽകി. പാൽകുടിച്ചുറങ്ങിയ സ്വാമിജി രാത്രി പല തലണ ഛർദ്ദിച്ചു. എന്നിരുന്നാലും അദ്ദേഹം ആരേയും വിളിച്ചുണർത്തിയില്ല. സ്വയം വാ വെള്ളം കൊണ്ടു കഴുകി അദ്ദേഹം വീണ്ടും ഉറങ്ങി. ദിവസവും കാലത്ത് സ്വാമിജിനടക്കാൻ പോകുമായിരുന്നു. ആ ദിവസം കാലത്ത് സ്വാമിജി വൈകിയാണ് ഉണർന്നത്. ആദ്ദേഹം വീണ്ടും ഛർദ്ദിച്ചു. ധാരാളം വെള്ളം കുടിച്ചുവെങ്കിലും ഛർദ്ദി ശമിച്ചില്ല. മുറി മൊത്തം ദുർഗന്ധ പൂരിതമായതിനാൽ സ്വാമിജി തീ കൊളുത്തി സുഗന്ധിത പദാർത്ഥങ്ങൾ യജ്ഞകുണ്ഠത്തിൽ അർപ്പിച്ചപ്പോൾ ദുർഗന്ധം ശമിച്ചു.

സ്വാമിജിയുടെ വയറ്റിൽ വേദന തുടങ്ങി. മറ്റൊരു വഴിയും കാണാഞ്ഞപ്പോൾ ഡോ. സൂരജ്മലിനെ വിളിപ്പിച്ച് പരിശോധിച്ചു. ഡോക്ടർ പോയശേഷം സ്വാമിജിുടെ വേദന വീണ്ടും വർദ്ധിച്ചു. ശ്വാസമെടുക്കാൻ പോലും ബുദ്ധിമുട്ടനുഭവപ്പെട്ടു തുടങ്ങി. ഇങ്ങിനെയൊക്കെയായിരുനനിട്ടും സ്വാമിജി ഈശ്വരധ്യാനത്തിൽ മുഴുകി. സ്വാമിജിയുടെ രോഗവിവരമറിഞ്ഞ് മഹാറാണാ പ്രതാപസിംഹൻ തന്റെ മന്ത്രിമാരൊത്ത് അദ്ദേഹത്തെ സന്ദർശിക്കാനെത്തി. അവരുടെ കൂടെ ഒരു ഡോക്ടർ അലി മർദാൻഖാനുമുണ്ടായിരുന്നു. ഡോക്ടർ സ്വാമിജിയുടെ വയറ് പരിശോധിച്ചു. മരുന്നുകളും നൽകി. രണ്ടു മൂന്നു ദിവസങ്ങളിൽ സ്വാമിജിയുടെ ശരീരമാകെ കുമിളകൾ പൊങ്ങി പൊട്ടിയൊലിക്കാൻ തുടങ്ങി.

ഇത്രയേറെ വിഷമതകളുണ്ടായിരുന്നിട്ടും സ്വാമിജിആരെയും അലോസരപ്പെടുത്തിയില്ല. അജ്മേറുകാർക്കുപോലും സ്വാമിജിയുടെ രോഗവൃത്താന്തം അറിയനായില്ല. ആരോഗ്യ പ്രശ്നങ്ങൾക്ക് ശമനം കാണാതെ വന്നപ്പോൾ സ്വാമിജി അബുവിലേക്ക് പോകാൻ തീരുമാനിച്ചു. മഹാരാജാ ജസ്വന്ത് സിംഗ് അദ്ദേഹത്തെ പലവട്ടം ഈ അവസ്ഥയിൽ ജോഡ്പൂർ വിട്ടുപോകുന്നത് ശരിയാവില്ലാ എന്നു പറഞ്ഞു. അത് ജോഡ്പൂരിന് തീരാകളങ്കമാവുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ സ്വാമിജിയ്ക്ക് തന്റെ രോഗാവസ്ഥയെക്കാളുപരി തനിക്ക് ചെയ്തു തീർക്കാനുള്ള കാര്യങ്ങളെക്കുറിച്ചായിരുന്നു ചിന്ത മുഴുവനും. യാത്രക്കൊരുങ്ങിയ സ്വാമിജിയ്ക്ക് മഹാരാജാ ജസ്വന്ത് സിംഹൻ 2500 രൂപയും ഒരു ഷാളും നൽകി. ഈ പണവും വസ്തുക്കളുമെല്ലാം ഉടൻ തന്നെ സ്വാമിജി പരോപകാരിണി സഭയ്ക്ക് അയച്ചുകൊടുത്തു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 7 ഈശ്വരനും വേദങ്ങളും

**ചോദ്യം 8 : മോശം കർമ്മങ്ങളുടെ ഫലം മാപ്പാകുമോ?**

**ഉത്തരം** : ഇല്ല

**ചോദ്യം 9 : ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ പൂജാ, പ്രാർത്ഥന, യജ്ഞങ്ങൾ എന്നിവ ചെയ്യണമോ?**

**ഉത്തരം** : ഒരിക്കൽ ഒരപരാധം ചെയ്താൽ അതിന്റെ ഫലം അനുഭവിച്ചുതന്നെ തീർക്കണം. ഇത് ഈശ്വര നിയമമാണ്. ഇതിൽനിന്നും രക്ഷപ്പെടാൻ പൂജയും പ്രാർത്ഥനയും യജ്ഞങ്ങളും നടത്തുന്നത് വ്യർത്ഥമാണ്.

**ചോദ്യം 10: ദയ എന്നു പറയുന്നതെന്തിനെയാണ്?**

**ഉത്തരം** : മറ്റുള്ളവരുടെ ദുഃഖങ്ങൾ ഇല്ലാതാക്കാൻ ആഗ്രഹിക്കുന്നതിനെയാണ് ദയ എന്നു പറയുന്നത്.

**ചോദ്യം 11 : ഈശ്വരൻ ദയാലുവാണെങ്കിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കാത്തതെന്തുകൊണ്ടാണ്?**

**ഉത്തരം** : പാപം ക്ഷമിക്കുന്നതുകൊണ്ട് നേട്ടമൊന്നുമുണ്ടായില്ല. അയാൾ വീണ്ടും കൂടുതൽ പാപകർമ്മങ്ങളിലേർപ്പെടും. നമ്മുടെ പുരോഗതിയാണ് ഈശ്വരൻ ആഗ്രഹിക്കുന്നത്. അതിനാൽ ഭാവിയിൽ നാം വീണ്ടും മോശം കർമ്മങ്ങൾ ചെയ്യാതിരിക്കട്ടെ. അതിനാലാണ് ഈശ്വരൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കാത്തത്.

**ചോദ്യം 12 : സർവ്വശക്തിമാനെന്നതിന്റെ അർത്ഥമെന്താണ്?**

**ഉത്തരം** : തന്റെ ഏതൊരു കാര്യ നടത്തുന്നതിനും മറ്റൊരാളുടെ സഹായം ആവശ്യമില്ലാത്തവനാണ് സർവ്വശക്തിമാൻ

**ചോദ്യം 13 : ഈശ്വരൻ ഈ പ്രപഞ്ചം സൃഷ്ടിച്ചത് എന്തിനാണ്?**

**ഉത്തരം** : നമ്മുടെ സുഖത്തിനും മംഗളത്തിനും ശാന്തിക്കുമായാണ് ഈശ്വരൻ ഈ പ്രപഞ്ചം സൃഷിടിച്ചത്.

**ചോദ്യം 14 : നാം ഈശ്വരനിൽനിന്നും ആവശ്യപ്പെടേണ്ടതെന്താണ്?**

**ഉത്തരം** : വിദ്യാബലം, ബുദ്ധി, ശക്തി, സമൃദ്ധി എന്നിവയാണ് നാം ഈശ്വരനിൽ നിന്നും ആവശ്യപ്പെടേണ്ടത്.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ. എം. രാജൻ**

**എ**വിടെയാണൊ പ്രാണികളെ സംരക്ഷിക്കാനും സസ്യഭക്ഷണം കഴിക്കാനുമുള്ള ആജ്ഞയുള്ളത് ആ വേദങ്ങളിൽ അവയ്ക്കു വിപരീതമായി യജ്ഞങ്ങളിൽ മൃഗങ്ങളുടെ ബലി എവിടെയാണ്? പ്രാചീന ആര്യഭാഷ്യങ്ങളിൽ മാംസ ഭക്ഷണം, പശുബലി എന്നിവയുടെ അംശം പോലുമില്ല. മഹർഷി ദയാനന്ദൻ വേദങ്ങളുടെ ഭാഷ്യമെഴുതി ഈ അബദ്ധധാരണയ്ക്ക് നിവാരണമുണ്ടാക്കി. എന്നാൽ വേദ വിരോധികൾക്ക് ഇതൊന്നും സ്വീകാര്യമല്ല. അവർക്കു വേണ്ടത് വേദ പ്രചാരത്തെ തടയുകയാണ്.

വേദങ്ങളിൽ യജ്ഞത്തിന് 'അധ്വര'മെന്ന ശബ്ദമാണ് ഉപയോഗിച്ചിരിക്കുന്നത്. നിരുക്തമനുസരിച്ച് ഹിംസാരഹിതമായ കർമ്മമെന്നാണിതിനർത്ഥം.

**വേദങ്ങളിലെ ഏതാനും പ്രമാണങ്ങൾ**

അല്ലയോ ജ്ഞാനസ്വരൂപനായ പരമേശ്വരാ ! നീ ഹിംസാരഹിതമായ യജ്ഞത്തിൽ ആണ് വ്യാപ്തനായിരിക്കുന്നത്. അങ്ങനെയാണ് സത്യനിഷ്ഠാരായ പണ്ഡിതന്മാർ സദാ സ്വീകരിക്കുന്നത്. (ഋഗ്വവേദം 1.3.4)

യജ്ഞത്തിന് അധ്വരമെന്ന (ഹിംസാരഹിതമെന്ന) ശബ്ദം ഋഗ്വേദം 1.1.8, 1.14.21, 1.28.4, 1.19.1, സാമവേദം 2.4.2 അഥർവ്വവേദം 4.24.3, 1.4.2 എന്നീ മന്ത്രങ്ങളിൽ കാണാം. അധ്വരമെന്ന പദം നാലുവേദങ്ങളിലും അനേകം മന്ത്രങ്ങളിൽ ഉള്ളതിനാൽ യജ്ഞത്തിൽ ഹിംസ നിഷിദ്ധമാണെന്നാണ്. പശുബലിയുടെയൊന്നും പ്രശ്നമേ ഉദിക്കുന്നില്ല.

അല്ലയോ പ്രഭോ! എല്ലാ പ്രാണികളും എന്നെ മിത്രദൃഷ്ടിയോടെ കാണട്ടെ. ഞാൻ എല്ലാ പ്രാണികളേയും മിത്രതയോടെ പ്രേമമയദൃഷ്ടിയാൽ കാണട്ടെ (യജുർവ്വേദം 36.18). യജുർവ്വേദം 1.1ൽ യജ്ഞം ശ്രേഷ്ഠതമായ കർമ്മമാണെന്നും പശുക്കളെ സംരക്ഷിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു.

യജുർവ്വേദം 6.11ൽ പശുക്കളെ സംരക്ഷിക്കാനായി പതീ-പത്നിമാരെ ഉപദേശിക്കുന്നു. അല്ലയോ മനുഷ്യരേ ! നിങ്ങൾ രണ്ടുകാലുള്ളവർ അഥവാ മനുഷ്യരേയും നാലുകാലുള്ളവരേയും (മൃഗങ്ങളേയും) സദാ സംരക്ഷിച്ചാലും (യജുർവ്വേദം 14.8).

നാലു വേദങ്ങളിലും എല്ലാതരത്തിലുള്ള ഹിംസയും നിഷിദ്ധമാണെന്നു പറയുമ്പോൾ പശുബലിയെക്കുറിച്ചെന്തു പറയാൻ? ഇത് തെറ്റായ ഒരു സംശയമാണ് വേദങ്ങളിൽ പശുബലിയുണ്ടാവുന്നത്.

(തുടരും)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലത്തിലേക്ക് പ്രവേശനം ആരംഭിച്ചു

വെള്ളിനേഴിആര്യസമാജത്തിന്റെ നേതൃത്വത്തിൽ വേദപ്രചാരകരെ വാർത്തെടുക്കുന്നതിനായി കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന വേദഗുരുകുലത്തിൽ (പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം) 2017 മാർച്ച് 28 ന് (വർഷ പ്രതിപദ) ആരംഭിക്കുന്ന വിവിധ ഹ്രസ്വകാല / ദീർഘകാല കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു. പത്താംതരം പാസ്സായവരും വൈദിക വിഷയങ്ങളിൽ അഭിരുചി ഉള്ളവരും ധർമ്മപ്രചരണത്തിൽ പങ്കാളികളാവാൻ സന്നദ്ധതയുള്ളവരുമായ തിരഞ്ഞെടുക്കപ്പെട്ട ഏതാനും ആൺകുട്ടികൾക്കാണ് പ്രവേശനം നൽകുക. വൈദികസാഹിത്യം (വേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ) അഷ്ടാദ്ധ്യായി വ്യാകരണം, നിരുക്തം, ഛന്ദഃശാസ്ത്രം, വേദാംഗ ജ്യോതിഷം, യോഗപ്രണായാമം, ഷോഡശസംസ്കാരങ്ങൾ നടത്തുന്നതിനുള്ള പരിശീലനം എന്നിവർക്കു പുറമേ മതങ്ങളുടെ താരതമ്യ പഠനം, കമ്പ്യൂട്ടർ പരിജ്ഞാനം, ശാസ്ത്രാർത്ഥം (മത സംവാദങ്ങൾ) നടത്തുന്നതിനുള്ള പരിശീലനം, ആയോധനകലകൾ എന്നിവയും പാഠ്യവിഷയങ്ങളായിരിക്കും.

പ്രവേശന പരീക്ഷക്കും അഭിമുഖത്തിനും ശേഷം യോഗ്യരാണെന്ന് ബോദ്ധ്യപ്പെട്ടവർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളൂ. പഠനം, താമസം എന്നിവ സൗജന്യമായിരിക്കും. പഠനശേഷം ഇവർ ധർമ്മപ്രചാര പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന നിബന്ധനയുമുണ്ട്. ഗുരുകുലത്തിലെ വ്യാവഹാരിക ഭാഷ സംസ്കൃതമായിരിക്കും. ബ്രഹ്മചാരികൾ ഗുരുകുലത്തിൽ തന്നെ താമസിച്ചു പഠിക്കണം. ഇടക്കാലത്ത് പുറത്ത് പോകാൻ അനുവാദമുണ്ടായിരിക്കില്ല. പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രശസ്തിപത്രവും വൈദിക ബിരുദങ്ങളും നൽകും. വർണ്ണ/വർഗ്ഗ ഭേദമന്യേ വേദവിജ്ഞാസുക്കളായ യോഗ്യരായ ആർക്കും പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കും. താത്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9562529095, 7907077891, 9446017440

## SUPPORT FOR VEDA GURUKULAM

We solicit your support for running our Veda Gurukulam by way of conducting special *'Yagya', 'Annadanam' etc..*, to meet the educational expenses of *'Brahmacharis' and* maintanance of *'Goshala'* during the occasion of Birthdays, Marriages, Marriage Anniversaries etc.. at your family. The donations may be made through Cheque / Draft or can be directly deposited at our Bank as per the details mentioned below

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**
**Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,**
**Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440**
**A/c No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400**
**(Registered Under Section 12AA of Income Tax Act 1961)**

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***